# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1529** **06-03-2020-ൽ**

മറുപടി നൽകേണ്ടത്

## സി-ആപ്റ്റിലെ നിയമനം

ചോദ്യം ഉത്തരം

**ശ്രീ. എസ്. ശർമ്മ** : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പാക്കിയ പുതിയ പദ്ധതികളും പ്രവൃത്തികളും എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി-ആപ്റ്റിന്റെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചുവടെപ്പറയുന്ന വികസന പദ്ധതികളും, പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ, ഫുള്ളി ഓട്ടോമാറ്റിക് കട്ടിംഗ് മെഷീൻ, സി.റ്റി.പി (കമ്പ്യൂട്ടർ ടു പ്ലേറ്റ്), വയർ സ്റ്റിച്ചിംഗ് മെഷീൻ എന്നിവ പുതിയതായി ലഭ്യമാക്കിയിട്ടുണ്ട്. ആയതിലൂടെ സെന്ററിന് മൾട്ടി കളർ പ്രിന്റിംഗ് ജോലികൾ സമയബന്ധിതമായി അച്ചടിച്ച് നൽകുവാൻ സാധിക്കുന്നു.<br><br>പുതുതായി അനുവദിച്ച ഫോർകളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ, ഗാതറിംഗ് മെഷീൻ, ത്രിനൈഫ് ട്രിമ്മർ, സിക്സ് ക്ലാംമ്പ് ഓട്ടോമാറ്റിക് ബൈന്റിംഗ് മെഷീൻ, ഫോൾഡിംഗ് മെഷീൻ, എന്നിവ ഉപയുക്തമാക്കി പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തക അച്ചടിയും മറ്റു പ്രവൃത്തികളും അതിവേഗം പൂർത്തിയാക്കാൻ സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | സി ആപ്റ്റിൽ വൈദ്യുതി കണക്ഷൻ ഹൈടെൻഷൻ ആക്കി മാറ്റുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിച്ചത് ഉൾപ്പെടെ 51 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ ജോലികൾ നടപ്പിലാക്കുകയും സ്ഥാപനത്തിലേയ്ക്കായി 6 ടൺ ശേഷിയുള്ള ഭാരത് ബെൻസ് ലോറി വാങ്ങുകയും മാലിന്യ സംസ്കരണത്തിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>കൂടാതെ, ഇ-ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമായി ജി.പി.എസ് സിസ്റ്റം, ബുള്ളറ്റ് ക്യാമറ, കമ്പ്യൂട്ടറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയവയും സ്ഥാപിച്ചിട്ടുണ്ട്.<br>കൂടാതെ, തിരുവനന്തപുരം വട്ടിയൂർക്കാവിലുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിൽ 11889 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുകയും കൂടാതെ 200 ലക്ഷം രൂപ ചെലവഴിച്ച് 4286 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. |
| **(ബി)** | നിലവിൽ ഈ സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ച് വിവരം നൽകുമോ; | **(ബി)** | നിലവിൽ 616 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| **(സി)** | ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ഏത് തസ്തികയെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ; | **(സി) യും (ഡി) യും** | സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മീഷൻ ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകളിൽ ഉള്ള ഒഴിവുകൾ കണക്കാക്കുവാനും, ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. |
| **(ഡി)** | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

| തസ്തിക തരംതിരിച്ചുള്ള ജീവനക്കാരുടെ വിശദാംശം | | |
|---|---|---|
| Sl. No | Name | No. of Staff |
| 1 | Accountant (II nd HG) | 3 |
| 2 | Accounts Asst. | 8 |
| 3 | Artist cum Photographer (Ist HG) | 2 |
| 4 | Assistant Accounts Officer | 2 |
| 5 | Asst. Director (Fin) (Ist HG) | 1 |
| 6 | Asst. Training Officer (IInd HG) | 1 |
| 7 | Asst. Manager | 1 |
| 8 | Binder | 45 |
| 9 | Cleaner (Ist HG) | 2 |
| 10 | Clerk cum Cashier | 3 |
| 11 | Compositor Grade I | 1 |
| 12 | Computer Operator | 22 |
| 13 | Cost Accountant | 1 |
| 14 | Draughtsman (Civil) (Ist HG) | 2 |
| 15 | Driver | 6 |
| 16 | DTP Operator | 52 |
| 17 | E.T.Operator | 11 |
| 18 | F T Sweeper (Ist HG) | 1 |
| 19 | Gardner (Ist HG) | 1 |
| 20 | Hardware Engineer (Ist HG) | 1 |
| 21 | Hardware Technician | 2 |
| 22 | Helper | 203 |
| 23 | Instructor cum Operator | 4 |
| 24 | Instructor Printing | 7 |
| 25 | Instructor(AVE) | 2 |
| 26 | Junior Accountant | 11 |
| 27 | L.D.Clerk | 35 |
| 28 | L.D.Store Keeper(II nd HG) | 2 |
| 29 | Lab Asst. cum Electrician | 3 |
| 30 | LD Typist (I st HG) | 12 |
| 31 | Marketing Executive (Ist HG) | 1 |
| 32 | Mechanic cum Offset Printer (II nd HG) | 2 |

| തസ്തിക തരംതിരിച്ചുള്ള ജീവനക്കാരുടെ വിശദാംശം | | |
|---|---|---|
| *Sl. No* | *Name* | *No. of Staff* |
| 33 | Multimedia Operator | 5 |
| 34 | Office Assistant (Ist HG) | 17 |
| 35 | Office Attendent | 10 |
| 36 | P T Sweeper | 12 |
| 37 | Packer cum Cleaner (Ist HG) | 1 |
| 38 | Production Plan. Supervisor | 2 |
| 39 | Production Assistant | 1 |
| 40 | Production Planning Asst. | 2 |
| 41 | Production Supervisor (Ist HG) | 3 |
| 42 | Project Officer(Ist HG) | 1 |
| 43 | Proof Reader(Ist HG) | 3 |
| 44 | Public Relations Officer(Ist HG) | 1 |
| 45 | Receptionist GrI | 1 |
| 46 | Reprographic Asst.(Ist HG) | 16 |
| 47 | Reprographic Supervisor | 1 |
| 48 | Riso Graph Operator | 9 |
| 49 | Sales Asst. | 6 |
| 50 | Screen Printer | 5 |
| 51 | Security Guard | 11 |
| 52 | Store Assistant | 7 |
| 53 | Supervisor (E M) | 3 |
| 54 | Trade Instructor(Ist HG) | 8 |
| 55 | Training Officer | 5 |
| 56 | Treadle Printer (Ist HG) | 1 |
| 57 | U.D. Clerk | 8 |
| 58 | U.D.Store Keeper(II nd HG) | 2 |
| 59 | Van Driver cum Operator | 1 |
| 60 | Web Offset Machine Operator (Ist HG) | 2 |
| 61 | Work Assistant | 22 |
| | **Total Staff** | **616** |

സെക്ഷൻ ഓഫീസർ